പതിമൂന്നാം കേരള നിയമസഭ

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. *85

02.12.2015-ലെ മറുപടിക്ക്

## ഉത്തരവാദിത്വ ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എ.റ്റി.ജോർജ്**<br>**ശ്രീ.വർക്കല കഹാർ**<br>**ശ്രീ.പി.എ.മാധവൻ**<br>**ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ** | **ശ്രീ.എ.പി.അനിൽകുമാർ**<br>**(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)** |
| (എ) ഉത്തരവാദിത്വ ടൂറിസം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ | (എ) ഉണ്ട്.<br>2007-ൽ ആരംഭിച്ച പദ്ധതി കോവളം, കുമരകം, തേക്കടി, വയനാട്, ബേക്കൽ, കുമ്പളങ്ങി എന്നീ പ്രദേശങ്ങളിലാണ് നടപ്പാക്കി വരുന്നത്. മുസിരിസ് പദ്ധതി പ്രദേശത്ത് കൂടി ഉത്തരവാദിത്വ ടൂറിസം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) ടൂറിസത്തിന്റെ ഗുണഫലങ്ങൾ പരമാവധി തദ്ദേശിയർക്ക് ലഭ്യമാക്കാനും ദോഷഫലങ്ങൾ പരമാവധി കുറയ്ക്കുവാനും ലക്ഷ്യമിടുന്ന പദ്ധതിയാണ് ഉത്തരവാദിത്വ ടൂറിസം. തദ്ദേശിയർക്ക് മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളും സഞ്ചാരികൾക്ക് മെച്ചപ്പെട്ട സേവനങ്ങളും ലഭ്യമാക്കാൻ സഹായിക്കും വിധം ടൂറിസം കേന്ദ്രങ്ങളെ വികസിപ്പിക്കുക എന്ന അടിസ്ഥാന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഉത്തരവാദിത്വ ടൂറിസം പദ്ധതി സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക മേഖലകളെ കേന്ദ്രീകരിച്ചാണ് നടപ്പാക്കുന്നത്. തദ്ദേശീയർക്ക് തൊഴിൽ, കാര്യശേഷി വികസനം, ടൂറിസം ഉത്പ്പന്നം വികസനം, ഗ്രാമീണ പാക്കേജുകൾ, പാരിസ്ഥിതിക സാംസ്കാരിക പൈതൃക സംരക്ഷണം, സ്ത്രീ ശാക്തീകരണം, ദാരിദ്ര്യ ലഘൂകരണം, ഗ്രാമീണ വികസനം എന്നിവയ്ക്കുള്ള ഉപാധിയായി ടൂറിസത്തെ മാറ്റുന്നതിനും ഉത്തരവാദിത്വ ടൂറിസം ലക്ഷ്യമിടുന്നു. |

(സി) പദ്ധതി നടപ്പിലാക്കൽ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

(സി) പദ്ധതി നടത്തിപ്പിനായി 2011-12 മുതൽ 2015-16 സാമ്പത്തിക വർഷം വരെ 6.47 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2011 ജൂൺ മുതൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്)-നെ പദ്ധതി നടത്തിപ്പിനുള്ള നോഡൽ ഏജൻസിയായി നിയമിക്കുകയുണ്ടായി. ഉത്തരവാദിത്വ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ആദ്യ ഘട്ടത്തിൽ പ്രവർത്തനം നടത്തിയിരുന്ന കുമരകം, തേക്കടി, കോവളം, വൈത്തിരി എന്നിവിടങ്ങളിൽ കൂടാതെ കുമ്പളങ്ങി, ബേക്കൽ, അമ്പലവയൽ, മുസിരിസ്, എന്നിവിടങ്ങളിൽ കൂടി ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു. ഉത്തരവാദിത്വ ടൂറിസം വിപുലീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് തിരഞ്ഞെടുത്ത 50 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാരംഭ പഠനങ്ങളും ചർച്ചകളും നടത്തുകയുണ്ടായി. സർക്കാരിന്റെ മിഷൻ 676 പദ്ധതി പ്രകാരം "GOD'S OWN COUNTRY-PEOPLE'S OWN TOURISM പദ്ധതിയിൽ ഉൾക്കൊള്ളിച്ച് 112 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പാക്കുവാൻ തീരുമാനിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

Anuradha

**സെക്ഷൻ ഓഫീസർ**